"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ഭക്ഷ്യസുരക്ഷാ വകുപ്പിലെ പട്ടികജാതി / പട്ടികവർഗ്ഗ പ്രാതിനിധ്യം - 01/01/2018 അടിസ്ഥാനമാക്കിയുള്ള വാർഷിക അവലോകനം - 'പ്രത്യേക നിയമനത്തിന് അനുവാദം നൽകി' ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ - എ) വകുപ്പ്**

സ.ഉ.(കൈ) നം.49/2025/GAD തീയതി,തിരുവനന്തപുരം, 28-03-2025

---

പരാമർശം:- 1. 30/08/2024 - ലെ സ.ഉ. (കൈ) നം. 107/2024/ജിഎഡി

2. ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ 23/09/2024 ലെ ഡി1-3782/2018/സിഎഫ്എസ്, 23/10/2024, 18/12/2024 തീയതികളിലെ സിഎഫ്എസ്/2364/2022-ഡി1 നമ്പർ കത്തുകൾ.

**ഉത്തരവ്**

ഭക്ഷ്യസുരക്ഷാ കമ്മീഷണർ പരാമർശം (2) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പിലെ 01/01/2018 അടിസ്ഥാനമാക്കിയുള്ള പട്ടികജാതി / പട്ടികവർഗ്ഗ പ്രാതിനിധ്യം സംബന്ധിച്ച വാർഷിക അവലോകനം നടത്തിയതിൽ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് കാറ്റഗറിയിൽ പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മതിയായ പ്രാതിനിധ്യം ഇല്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത വർഷം ഭക്ഷ്യസുരക്ഷാ വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് കാറ്റഗറിയിൽ പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മതിയായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനായി താഴെപ്പറയും പ്രകാരം തസ്തികകൾ പ്രത്യേക നിയമനത്തിനായി സംവരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | തസ്തിക (ശമ്പളസ്കെയിൽ) | വിഭാഗം | എണ്ണം | ജില്ല |
|---|---|---|---|---|
| 1 | ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് - II (23,000 — 50,200) | പട്ടികജാതി / പട്ടികവർഗ്ഗം | 1 | എറണാകുളം |
| 2 | ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് - II (23,000 — 50,200) | പട്ടികവർഗ്ഗം മാത്രം | 1 | കോഴിക്കോട് |
| | | | 1 | കണ്ണൂർ |

2. മുൻ വർഷങ്ങളിൽ സംവരണം ചെയ്ത് ഉത്തരവായതും, എന്നാൽ നാളിതുവരെ

നികത്താത്തതുമായ തസ്തികകൾ നിലവിലുണ്ടെങ്കിൽ അവയിലേയ്ക്ക് അടിയന്തരമായി നിയമനം നടത്തുവാൻ വേണ്ട നടപടികൾ ഭക്ഷ്യസുരക്ഷാ കമ്മീഷണർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ്.സി.ഡി
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

കമ്മീഷണർ, ഭക്ഷ്യസുരക്ഷാ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

ആരോഗ്യ കുടുംബക്ഷേമ (ഇ) വകുപ്പ്

വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ - ബി) വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Praveen Kumar S
Date: 29-03-2025 10:35:21
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക് (അറിവിലേയ്ക്കായി)